**കേരള സർക്കാർ**

**സംഗ്രഹം**

പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - പാലക്കാട് ജില്ലയിലെ മേലാർകോട് ഗ്രാമപഞ്ചായത്തിൽ ദിവസവേതന വ്യവസ്ഥയിൽ ജോലിചെയ്യുന്ന ശ്രീ. സി. ചന്ദ്രൻ ബഹു . കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No. 6571/16 ാം നമ്പർ കേസ്സിൻമേലുള്ള 30.05.2016 ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സഉ(ആർ.ടി) നം. 2495/2016/തസ്വഭവ** **തീയതി, തിരുവനന്തപുരം, 22/08/2016**

---

പരാമർശം :
1) 25/11/2005 ലെ സഉ(പി) 501/05/ധന നമ്പർ ഉത്തരവ്.
2) 09/02/2010 ലെ ലെ സഉ(പി) 61/2010/ധന നമ്പർ ഉത്തരവ്.
3) WP(C) No. 6571/16 ാം നമ്പർ കേസ്സിൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച 30.05.2016 ലെ ഉത്തരവ്.
4) പഞ്ചായത്ത് ഡയറക്ടറുടെ 23/07/2015-ലെ ഇ 9-3438/2015 നം. കത്ത്.

## ഉത്തരവ്

പാലക്കാട് ജില്ലയിലെ മേലാർകോട് ഗ്രാമപഞ്ചായത്തിൽ ഓണറേറിയം വ്യവസ്ഥയിൽ പാർട്ട് ടൈം ലൈബ്രേറിയനായി ജോലി ചെയ്തു വന്ന ശ്രീ. സി. ചന്ദ്രനെ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No. 6571/16 നമ്പർ അന്യായത്തിൽ നിയമന ക്രമവൽക്കരണത്തിനായി എക്സിബിറ്റ് പി 14 പ്രൊപ്പോസൽ പരിഗണിച്ച് പരാതിക്കാരനും ഗ്രാമ പഞ്ചായത്തിനും നോട്ടീസ് നൽകി ഉത്തരവ് ലഭിച്ച് 2 മാസത്തിനകം ഉചിതമായ തീരുമാനം കൈക്കൊള്ളണമെന്ന് നിർദ്ദേശിച്ച് ഉത്തരവായിരുന്നു. ശ്രീ. സി. ചന്ദ്രനെ സ്ഥിരപ്പെടുത്തണമെന്നആവശ്യം സൂചിപ്പിച്ച് പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലാണ് എക്സിബിറ്റ് പി 14.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു താത്ക്കാലികാടിസ്ഥാനത്തിലോ ദിവസവേതന/കരാർ വ്യവസ്ഥയിലോ ജോലിചെയ്തുവരുന്നവരെ സ്ഥിരപ്പെടുത്താൻ നിലവിൽ വ്യവസ്ഥയില്ല. മേൽ സാഹചര്യത്തിൽ പാലക്കാട് ജില്ലയിലെ മേലാർകോട് ഗ്രാമപഞ്ചായത്തിൽ ഓണറേറിയം വ്യവസ്ഥയിൽ താത്ക്കാലികമായി ജോലിചെയ്തുവരുന്ന ശ്രീ. സി. ചന്ദ്രനെ

സ്ഥിരപ്പെടുത്തണമെന്ന ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. WP(C) No. 6571/16 -ാം നമ്പർ അന്യായത്തിൻമേൽ ബഹു. കേരള ഹൈക്കോടതിയുടെ 30.05.2016 ലെ വിധിന്യായം ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
രമേശൻ.എം.കെ
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട് ജില്ല.
സെക്രട്ടറി, മേലാർകോട് ഗ്രാമ പഞ്ചായത്ത്, പാലക്കാട് ജില്ല.
ശ്രീ. സി. ചന്ദ്രൻ , പാർട്ട് ടൈം ലൈബ്രേറിയൻ ,മേലാർകോട് ഗ്രാമ പഞ്ചായത്ത്, പാലക്കാട് ജില്ല
(സെക്രട്ടറി, മേലാർകോട് ഗ്രാമ പഞ്ചായത്ത് മുഖേന)
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(ഫയൽ. നം. ഇപിഎ 2/17/2016/തസ്വഭവ)

ഉത്തരവിൻപ്രകാരം
Sd/-
സെക്ഷൻ ഓഫീസർ